പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7144 — 03. 11. 2011 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. പി.എ.മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) കേരള സർക്കാരിന്റെ തൊഴിൽവകുപ്പിനു കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ) · തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലനം, ശിൽപശാല, ഗവേഷണം, പഠനം, പ്രസിദ്ധീകരണം എന്നിവ നടപ്പിലാക്കി വരുന്നു. തൊഴിൽ/എംപ്ലോയ്മെന്റ് വകുപ്പുകളിലെ ജീവനക്കാരുടെ പരിശീലനത്തിന് പുറമെ ട്രേഡ് യൂണിയൻ പ്രതിനിധികൾക്കും അസംഘടിത മേഖല, പരമ്പരാഗത തൊഴിൽ മേഖല, തോട്ടം തൊഴിലാളികൾ, വനിത ട്രേഡ് യൂണിയൻ എന്നീ വിഭാഗത്തിലുള്ളവർക്കും 'കിലെ' പരിശീലന പരിപാടികളും അനുബന്ധ സെമിനാറുകളും പഠനങ്ങളും നടത്തി വരുന്നു. തൊഴിലുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സർക്കാർ തൊഴിൽ പരിശീലന ഗവേഷണ സ്ഥാപനമായ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻ എംപ്ലോയ്മെന്റ് സർവ്വീസ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പരിശീലന പരിപാടികൾ പുതിയതായി ആരംഭിച്ചിട്ടുള്ളതും, തൊഴിൽ അനുബന്ധ വിഷയങ്ങളിൽ ഗവേഷണവും ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നതുമാണ്.<br><br>കോഴിക്കോടുള്ള ഐ.ഐ.റ്റി.എമ്മുമായി ചേർന്ന് സർക്കാർ അംഗീകൃത ഹോട്ടൽ മാനേജ്മെന്റ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ വിഷയങ്ങളിൽ പി.ജി.ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു. പോർട്ട് ഫോളിയോ മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ് തുടങ്ങി തൊഴിൽ സാധ്യതയേറെയുള്ള കോഴ്സുകൾ ആരംഭിക്കുവാനും 'കിലെ 'പദ്ധതിയിട്ടിട്ടുണ്ട്. |

| | |
|---|---|
| (ബി) സെമിനാറുകൾ, ശില്പശാലകൾ പരിശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) ഗവേഷണ പദ്ധതികൾ നടപ്പാക്കാനും അവ യഥാസമയം പ്രസിദ്ധീകരിക്കാനും നടപടികൾ സ്വീകരിക്കുമോ? | (സി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ